©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 ഒക്ടോബർ 23<br>23rd October 2018<br>1194 തുലാം 6<br>6th Thulam 1194<br>1940 കാർത്തികം 1<br>1st Karthika 1940 | നമ്പർ<br>No. | 42 |

## PART III

# Public Works Department

ദർഘാസ്/പുനർ ലേല പരസ്യം

നമ്പർ എ3-5231/2018. 2018 ഒക്ടോബർ 1.

കേരള പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിന്റെ അധികാര പരിധിയിൽപ്പെട്ട മഞ്ചേരി റോഡ്സ് സെക്ഷന്റെ കീഴിൽ വരുന്ന അരീക്കോട്-മഞ്ചേരി റോഡിലെ കാവനൂർ ടൗൺ സൗന്ദര്യവത്കരണത്തിന്റെ ഭാഗമായി തടസ്സമായി നിൽക്കുന്ന 25 പല ജാതി മരങ്ങൾ ചീഫ് എഞ്ചിനീയറുടെ 27-7-2018-ാം തീയതിയിലെ CR/R&B/MNJ/8817/2016 നമ്പർ അനുമതി പ്രകാരം മുറിച്ചുനീക്കുന്നതിനുള്ള അവകാശം 2018 നവംബർ 13-ാം തീയതി രാവിലെ 11 മണിക്ക് മഞ്ചേരി സെക്ഷൻ ഓഫീസ് പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്യുന്നതാണ്. ഈ ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിന് മുൻപ് ` 7,294 നിരതദ്രവ്യമായി കെട്ടിവയ്ക്കേണ്ടതാണ്. നിരതദ്രവ്യം കെട്ടിവച്ചവർക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ അർഹതയുള്ളൂ.

സീൽഡ് കവറിലുള്ള ക്വട്ടേഷനുകൾ 12-11-2018 വൈകിട്ട് 5 മണി വരെ മഞ്ചേരി നിരത്തുകൾ ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ സ്വീകരിക്കുന്നതാണ്.

ലേലം വിളിച്ചെടുത്തയാൾ ലേല സംഖ്യയും നിയമാനുസൃതമായ ആദായ നികുതി, ജി. എസ്. ടി., വനവികസന നികുതി എന്നിവ ഉൾപ്പെടെയുള്ള സംഖ്യ അപ്പോൾ തന്നെ അടവാക്കേണ്ടതാണ്. ലേലം സ്ഥിര പ്പെടുത്തിയ ഉത്തരവ് കിട്ടി 7 ദിവസത്തിനകം മരങ്ങൾ മുറിച്ചു മാറ്റേണ്ടതാണ്. ലേലം ഉറപ്പിക്കുന്നയാൾ പാൻ കാർഡിന്റെ ഫോട്ടോകോപ്പി നൽകേണ്ടതാണ്.

കേരള പൊതുമരാമത്ത് വകുപ്പിലെ നിലവിലുള്ള എല്ലാ ലേല നിബന്ധനകളും ഈ ലേലത്തിനും ബാധകമാണ്. ഈ ലേലത്തെ സംബന്ധിച്ച അന്തിമ തീരുമാനം മഞ്ചേരി റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിക്ഷിപ്തമാണ്.

കൂടുതൽ വിവരങ്ങൾക്ക് മഞ്ചേരി നിരത്തുകൾ ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായി ബന്ധപ്പെടേണ്ടതാണ്.

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
മഞ്ചേരി.

(ഒപ്പ്)
എക്സിക്യൂട്ടീവ്
എഞ്ചിനീയർ.

Gaz. No. 42/2018/DTP (PWD).